**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3310** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്കിലെ മുൻഗണന പട്ടികയിലെ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മുൻഗണന വിഭാഗത്തിൽ നിന്നും പൊതുവിഭാഗത്തിലേക്ക് റേഷൻ കാർഡുകൾ മാറ്റുന്നതിനുവേണ്ടിയുള്ള അവസാന തീയതിയായ 2021 ജൂലായ് 15 കഴിഞ്ഞപ്പോൾ കോതമംഗലം താലൂക്കിൽ എത്ര റേഷൻ കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റി എന്ന് വ്യക്തമാക്കാമോ; | (എ) | 960 |
| (ബി) | നിലവിൽ പൊതു വിഭാഗത്തിൽ നിന്നും മുൻഗണന വിഭാഗത്തിലേക്ക് മാറുന്നതിനുവേണ്ടി എത്ര അപേക്ഷകൾ കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ബി) | ലഭ്യമായ 1083 അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി അർഹരെന്ന് കണ്ടെത്തുന്നവരെ ആർ.സി.എം.എസ് മൊഡ്യൂൾ ഓപ്പൺ ആകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്. |
| (സി) | ഇതിൽ എത്ര അപേക്ഷകർക്ക് കാർഡ് മാറ്റി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |
| (ഡി) | ഇനി എത്ര അപേക്ഷകൾ മാറ്റി നല്കുവാൻ ശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (ഡി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |
| (ഇ) | ഇങ്ങനെ പൊതു വിഭാഗത്തിലേക്ക് മാറ്റിയ കാർഡുകൾക്ക് പകരം മുൻഗണനേതര വിഭാഗത്തിൽ നിന്നും മുൻഗണന വിഭാഗത്തിലേക്ക് അപേക്ഷ നല്കിയിട്ടുള്ളവരെ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ എത്ര പേരെ പുതുതായി ഉൾപ്പെടുത്തുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ഇ) | നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) കാർഡ് ആയിട്ടാണ്. മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (എഫ്) | മുൻഗണന വിഭാഗത്തിലേക്ക് റേഷൻ കാർഡ് മാറ്റുന്നതിന് വേണ്ടിയുള്ള അപേക്ഷകളിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | ക്ലോസ് (ഇ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ